കരിച്ച് റവന്യൂ വകുപ്പ് പ്രത്യേകം എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്. ഇത് മോണിറ്റർ ചെയ്യുന്നതിന് ജില്ലാതലങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) വർക്കല കുരയ്ക്കണ്ണി ഗവൺമെന്റ് എൽ.പി. സ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം

ശ്രീ. എ.അലി ഹസ്സൻ : വർക്കല വിദ്യാഭ്യാസ ഉപജില്ലയിലെ വർക്കല നഗരസഭാതിർത്തിയിലുള്ള കുരയ്ക്കണ്ണി ഗവൺമെന്റ് എൽ.പി. സ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കണമെന്നുള്ള അഭ്യർത്ഥനയാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഏറ്റവും പഴക്കമുള്ളതും പ്രസിദ്ധമായതുമായ ഒരു സ്കൂളാണ് കുരയ്ക്കണ്ണി ഗവൺമെന്റ് എൽ.പി. സ്കൂൾ. അവിടെ വിദ്യാർത്ഥികളുടെ എണ്ണം കൂടുകയും ഡിവിഷൻ വർദ്ധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 1982-83 വിദ്യാഭ്യാസ വർഷം ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തി. 1997-ൽ എം.പി. ഫണ്ട് ഉപയോഗിച്ച് അഞ്ചു ലക്ഷത്തോളം രൂപ ചെലവു ചെയ്ത് നാലു ക്ലാസ് റൂമുകളുള്ള മറ്റൊരു കെട്ടിടം കൂടി പൂർത്തിയാക്കി. പി.ടി.എ.യും നഗസഭയും ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡി.പി.ഐ.ക്കും ഗവൺമെന്റിനും നിവേദനം നൽകുകയുണ്ടായി. ആവശ്യമുള്ള ഫർണിച്ചറും മറ്റു സാധനങ്ങളും പി.ടി.എ. വാങ്ങിക്കൊടുക്കുകയും ചെയ്തു. 10.11.1998-ൽ ഷിഫ്റ്റിംഗ് അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡി.പി.ഐ. ഗവൺമെന്റിലേയ്ക്ക് ഒരു പ്രൊപ്പോസലും അയച്ചു. നിർഭാഗ്യവശാൽ 22.2.1999-ൽ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്ന ഒറ്റ കാരണം പറഞ്ഞ് ഈ പ്രൊപ്പോസൽ തള്ളിക്കളഞ്ഞിരിക്കുകയാണ്. ഏതാണ്ട് എട്ട് ഡിവിഷനും അഞ്ച് അദ്ധ്യാപകരും മാത്രമുള്ള ഈ സ്കൂളിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിച്ച് അദ്ധ്യയനം കാര്യക്ഷമമാക്കുന്നതിന് അടിയന്തിര അനുവാദം നൽകണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, വർക്കല ഗവൺമെന്റ് എൽ.പി. സ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിനെ സംബന്ധിച്ചുണ്ടായ നടപടികൾ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ വിശദീകരിക്കുകയുണ്ടായി. 10.11.1998-ൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാൻ ഒരു പ്രൊപ്പോസൽ നൽകുകയുണ്ടായി. അത് ധനകാര്യ വകുപ്പിന് അയച്ചുകൊടുത്തപ്പോൾ സാമ്പത്തിക ബാദ്ധ്യതമൂലം ഷിഫ്റ്റ് സമ്പ്രദായം ഇപ്പോൾ നിർത്താൻ കഴിയുകയില്ല എന്നുള്ള റിപ്ലൈ കിട്ടിയകാര്യവും അദ്ദേഹം പറയുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ ഇതിനുള്ള പ്രൊപ്പോസൽ ഒന്നുകൂടി ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

(3) പള്ളുരുത്തി മണ്ഡലത്തിലെ ഉദയത്തുംവാതിൽ-കാമോത്ത് റോഡുപണി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, സാധാരണഗതിയിൽ ഇതുപോലൊരു സംഗതി നിയമസഭയിൽ സബ്മിഷനായി കൊണ്ടുവരേണ്ടതില്ലെന്ന് എനിക്കറിയാം. നിവൃത്തിയില്ലാത്തതുകൊണ്ട് കൊണ്ടുവന്നതാണ്. എം.എൽ.എ. റോഡ് പൂർത്തിയാക്കാത്തത് എം.എൽ.എ.യുടെ കഴിവുകേട് കൊണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്നും അതിനെതിരായി മാർക്സിസ്റ്റു പാർട്ടിയുടെ ഏരിയാ കമ്മിറ്റിതന്നെ നോട്ടീസ് അടിച്ചിറക്കി ശയനപ്രദക്ഷിണം നടത്തുകയാണ്. ന്യൂ എം.എൽ.എ. റോഡ് പൂർത്തിയാക്കാത്തത് എം.എൽ.എ.യുടെ കുഴപ്പംകൊണ്ടാണെന്നു പറഞ്ഞാൽ നമുക്ക് വല്ലതും ചെയ്യാൻ കഴിയുമോ? അതുകൊണ്ട് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയും സ്പീക്കറും ഗവൺമെന്റും ഇടപെട്ട് എന്റെ നിയോജകമണ്ഡലത്തിലെ ഉദയത്തുംവാതിൽ-കാമോത്ത് ന്യൂ എം.എൽ.എ. റോഡ് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിനുള്ള മറുപടിയാണെങ്കിൽ അത് മെമ്പറുടെ കുഴപ്പംകൊണ്ടല്ലെന്ന് ഞാൻ പരസ്യമായി പറയുകയാണ്. ഈ റോഡിന്റെ കാര്യത്തിൽ 25 ലക്ഷം രൂപ ലിമിറ്റ് ചെയ്താണ് അന്ന് പണി അനുവദിച്ചത്. പുതിയതായി വില്ലേജ് റോഡുകൾ ഏറ്റെടുക്കണ്ട എന്ന തീരുമാനം ഉള്ളതായി അങ്ങേയ്ക്ക് അറിവുള്ളതാണല്ലോ. ഏറ്റെടുത്തതിനുതന്നെ 58 കോടി രൂപ നൽകാനുള്ള ബാദ്ധ്യതയുമുണ്ട്. ആയതിനാൽ പുതിയ റോഡുകൾ ഏറ്റെടുക്കാൻ കഴിയുകയില്ല. ഈ പശ്ചാത്തലത്തിൽ ആണ് അത് പരിശോധിക്കേണ്ടത്. എം.എൽ.എ. റോഡുകൾ തുടങ്ങിവച്ചതു മാത്രമേ പൂർത്തിയാക്കാൻ ഉദ്ദേശിച്ചിട്ടുള്ളൂ. അങ്ങ് പറഞ്ഞത് തുടങ്ങിവച്ചവർക്ക് എന്നുള്ള നിലയ്ക്ക് പൂർത്തിയാക്കാനുണ്ടെങ്കിൽ അത് പ്രത്യേകം പരിശോധിക്കുന്നതാണ്.

(4) കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള യു.ഐ.റ്റിയുടെ പ്രവർത്തനം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : കേരളാ യൂണിവേഴ്സിറ്റിയിൽനിന്നും ബിരുദമെടുത്ത് പുറത്ത് വരുന്നവർക്ക് എവിടെയും മാന്യമായ സ്ഥാനമുണ്ടായിരുന്നു. പ്രശസ്തരായവർ സംഭാവന ചെയ്തതാണ് കേരളാ യൂണിവേഴ്സിറ്റി. കഴിഞ്ഞ മൂന്നു വർഷമായി യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (യു.ഐ.ടി.) എന്ന സംവിധാനത്തിൽ കമ്പ്യൂട്ടർ സയൻസും ഇലക്ട്രോണിക് സയൻസും കോഴ്സുകൾ ആരംഭിച്ചു. കുട്ടികളും രക്ഷാകർത്താക്കളും വളരെ പ്രതീക്ഷയോടെയാണ് യൂണിവേഴ്സിറ്റിയുടെ ഈ സംരംഭത്തെ വീക്ഷിച്ചത്. എൻട്രൻസ് പരീക്ഷയിലൂടെയാണ് കുട്ടികൾക്ക് അഡ്മിഷൻ നൽകിയത്. കഴിഞ്ഞ വർഷം അഡ്മിറ്റു ചെയ്ത കുട്ടികളെ കുറവൻകോണത്ത് ഒരു പ്രൈമറി പള്ളിക്കൂടത്തിൽ ഇരുത്തിയാണ് കോഴ്സുകൾ നടത്തിയത്. ഫാൻ പോലുമില്ലാതെ ചൂടുകൊണ്ട് കുട്ടികൾ തളർന്നുവീണു. ഇപ്പോൾ അവിടെ ഫാൻ ഫിറ്റുചെയ്തിട്ടുണ്ട്. രണ്ട് സെമസ്റ്റർ കഴിഞ്ഞു. ആ കുട്ടികളെ യൂണിവേഴ്സിറ്റിയിലെ ഏതെങ്കിലും ക്ലാസ്സ് മുറിയിലേക്ക് മാറ്റണം. കുട്ടികളെ പഠിപ്പിക്കുന്നതിന് സ്ഥിരമായി അദ്ധ്യാപകരെ നിയമിച്ചിട്ടില്ല. പ്രധാനമായും ലബോറട്ടറിയുടെ അസൗകര്യമാണുള്ളത്. ലാബ് ഫീസായി ഓരോ സെമസ്റ്ററിനും ഓരോ വിദ്യാർത്ഥിയിൽനിന്നും 3000 രൂപവീതം പിരിക്കുന്നുണ്ട്. എന്നാൽ ലാബ് ഇല്ല. അവർ പഠിക്കുന്ന കോഴ്സുകൾക്ക് ലാബ് പ്രധാനമാണ്. ഓരോ വർഷവും യൂണിവേഴ്സിറ്റിയുടെ 5 സെന്ററുകളിൽ നിന്നായി ഒരു കോടിയോളം രൂപ ഫീസിനത്തിൽ പിരിക്കുന്നു. ആറു സെമസ്റ്ററുകളിലായി ഒരു കുട്ടി 42000 രൂപയാണ് ഫീസ് ഇനത്തിൽ നൽകുന്നത്. ആ കുട്ടികൾക്ക് പഠിക്കാൻ കെട്ടിടങ്ങളോ ലാബ് സൗകര്യങ്ങളോ നൽകാതിരിക്കുന്നത് യൂണിവേഴ്സിറ്റിയെക്കുറിച്ചുള്ള ജനങ്ങളുടെ മുഴുവൻ പ്രതീക്ഷയും തകർക്കുന്നതാണ്. സ്വകാര്യ സ്ഥാപനങ്ങൾ ഈ കോഴ്സുകൾക്ക് യൂണിവേഴ്സിറ്റിയിൽ

LIBRARY ARCHIVES Kerala Legislative Assembly